(ബി) കെ.എൽ. 01/1748 എന്ന ജീപ്പ് കണ്ടം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ ജി.ഒ. (എംഎസ്.) നമ്പർ 25/2000/തൊഴിൽ, തീയതി 9-3-2000 എന്ന ഉത്തരവിൻപ്രകാരം ഐ.റ്റി.ഐ. എക്സ്റ്റൻഷൻ സെന്റർ തുടങ്ങുവാൻ തീരുമാനമായതിനെ തുടർന്ന് ഈ ഡിപ്പാർട്ടുമെന്റിലെ കണ്ടം ചെയ്യപ്പെടേണ്ട വാഹനങ്ങൾ പ്രസ്തുത ഐ.റ്റി.ഐ. യൂണിറ്റിലെ പഠിതാക്കളുടെ ആവശ്യത്തിലേക്കായി പ്രയോജനപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ നാളിതുവരെയായിട്ടും ടി യൂണിറ്റ് തുടങ്ങുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിലേക്കായി നീക്കി വയ്ക്കപ്പെട്ട വാഹനങ്ങൾ ഉടൻ കണ്ടം ചെയ്യുന്നതിനും ലേലത്തിൽ വിൽക്കുന്നതിനും ആവശ്യമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ജയിൽ വകുപ്പിൽ 10 ഡ്രൈവറുടേയും 5 വാർഡർ/ഡ്രൈവർമാരുടേയും തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഒരു ഡ്രൈവറുടെ തസ്തികയിൽ മാത്രം ഒരു സ്ഥിരം ജീവനക്കാരൻ ജോലി നോക്കിവരുന്നു. ബാക്കിയുള്ള തസ്തികകളിൽ ഡ്രൈവിംഗ് ലൈസൻസുള്ള വാർഡർമാരെക്കൊണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർമാരെ ഉപയോഗിച്ചും ജോലി ചെയ്തുവരുന്നു.

(ഡി) ജയിൽ വകുപ്പിൽ നിലവിലുള്ള വാഹനങ്ങൾ കൈകാര്യം ചെയ്യുവാൻ ഇപ്പോഴുള്ള ഡ്രൈവർമാരുടെ എണ്ണം പര്യാപ്തമല്ല. നിലവിലുള്ള 10 ഡ്രൈവർ തസ്തികകൾകൂടി വാർഡർ/ഡ്രൈവർ തസ്തികയാക്കി മാറ്റുന്നതിനും തദനുസൃതമായ ഭേദഗതികൾ സ്പെഷ്യൽ റൂളിൽ വരുത്തുന്നതിനുമുള്ള നടപടികൾ തുടർന്ന് കൊണ്ടിരിക്കുകയാണ്.

## സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ആനുകൂല്യങ്ങൾ

86 [1662] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാർ പെൻഷൻ ലഭിച്ചുവരുന്ന സ്വാതന്ത്ര്യ സമര സേനാനികൾ എത്രപേർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്;

(ബി) സംസ്ഥാന സർക്കാർ പെൻഷൻ ലഭിച്ചുവരുന്നവർ എത്രപേരാണ്; വെളിപ്പെടുത്തുമോ;

(സി) മരിച്ചുപോയ സ്വാതന്ത്ര്യ സമരസേനാനികളുടെ എത്ര ആശ്രിതർക്ക് പെൻഷൻ ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സംസ്ഥാന പെൻഷൻ ലഭിക്കുന്നവർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) 2000-ാമാണ്ടിൽ അനുവദിച്ച ഡി.എ. ഓരോ കൊല്ലവും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2001, 2002, 2003 എന്നീ വർഷങ്ങളിൽ നൽകാതിരുന്ന ഡി.എ. പൂർവ്വകാല പ്രാബല്യത്തോടെ ആനുപാതിക ക്രമം അനുസരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാന ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷനുകൾ സംയുക്തമായി നൽകിയ നിവേദനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എച്ച്) സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ ആന്റ് എഫ്) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) നിവേദനത്തിലെ വിവിധ ആവശ്യങ്ങൾ സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ പരിശോധനയിലാണ്.

(എച്ച്) നടപടി സ്വീകരിക്കുവാൻ ശ്രമിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായം

87 [1663] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി 31-5-2004 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ധനസഹായം അനുവദിച്ച് ഉത്തരവ് ലഭിച്ചതിനുശേഷവും തുക ലഭിക്കുവാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഗുരുതരമായ രോഗ ചികിത്സക്കുപോലും ധനസഹായം വൈകുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly